"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/25/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-04-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഹൈ ഡെൻസിറ്റി പോളി എത്തിലീൻ (HDPE) ചെടിച്ചട്ടികൾ വാങ്ങി നൽകുമ്പോൾ വാറന്റി ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ) നം.2854/2022/തസ്വഭവ; തീയതി 18.11.2022
2. സ.ഉ.(സാധാ) നം.2118/2023/തസ്വഭവ; തീയതി 30.10.2023
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19.03.2024ലെ ADFW/2120/2024-VC നമ്പർ കത്ത്.

***********************

കാർഷികാവശ്യങ്ങൾക്കായി പദ്ധതി വെച്ച് ഹൈ ഡെൻസിറ്റി പോളി എത്തിലീൻ (HDPE) ചെടിച്ചട്ടി വാങ്ങി വിതരണം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സൂചന 1 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം വാങ്ങി വിതരണം ചെയ്യാവുന്ന ചെടിച്ചട്ടികൾക്ക് ഉണ്ടാകേണ്ട ഗുണനിലവാര മാനദണ്ഡങ്ങൾ സൂചന 2 പ്രകാരവും നിശ്ചയിച്ചിട്ടുണ്ട്. HDPE ചെടിച്ചട്ടികൾക്ക് 5 വർഷത്തെ വാറന്റി ഉണ്ടാകണമെന്നും ഇത് പ്രകാരം നിർബന്ധമാണ്.

വാറന്റി ലഭ്യമാക്കുന്നതിന് HDPE ചെടിച്ചട്ടികൾ ഉൽപാദിപ്പിക്കുന്ന കമ്പനിയുടെ വിവരങ്ങളും, ഉൽപാദിപ്പിക്കുന്ന മാസം, വർഷം എന്നിവ ചട്ടികളിൽ ആലേഖനം ചെയ്തിരിക്കണമെന്നും, സ്റ്റിക്കർ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. HDPE ചെടിച്ചട്ടി വാങ്ങുന്ന ഉപഭോക്താവിന് 5 വർഷത്തെ വാറന്റി ഉറപ്പാക്കേണ്ടതുള്ള സാഹചര്യത്തിൽ, HDPE ചെടിച്ചട്ടികളിൽ മേൽ പ്രകാരം രേഖപ്പെടുത്തുന്നതിനോടൊപ്പം, 5 വർഷത്തെ വാറന്റി ലഭ്യമാണെന്ന് പർച്ചേസ് ബില്ലിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 09-04-2024 12:30:14

സെക്ഷൻ ഓഫീസർ.